# ഭൂസമരങ്ങൾക്ക് നേരെയുള്ള ഉപരോധം പ്രതിഷേധാർഹം

## വസ്തുതാന്വേഷണ സംഘം

**അരിപ്പ** ഭൂസമരത്തിനെതിരെ ഒരു വിഭാഗം മെയ് ഒന്ന് മുതൽ നാട്ടുകാരുടെ പേരിൽ നടത്തുന്ന ഉപരോധത്തെത്തുടർന്ന് സമരക്കാർക്ക് സമരഭൂമിയിൽ നിന്ന് പുറത്തുപോകാനോ സ്വന്തം ദേശത്ത് ജോലിക്ക് പോയവർക്ക് തിരിച്ചുവരാനോ കഴിയാത്ത അവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിലും നാട്ടുകാരും സമരക്കാരും തമ്മിലുള്ള സംഘർഷത്തിന്റെ അന്തരീക്ഷത്തിലുമാണ് ഞങ്ങൾ വസ്തുതകൾ നേരിട്ടറിയാൻ 2013 മെയ് 17ന് അവിടം സന്ദർശിച്ചത്.

ചെങ്ങറ പുനരധിവാസ പാക്കേജിൽ ഭൂമി ലഭ്യമായി താമസിക്കുന്ന 18 കുടുംബങ്ങളും അതിനുമുമ്പേ തന്നെ താമസിക്കുന്ന പത്തോളം കുടുംബങ്ങളുമുള്ള ഒരു പ്രദേശത്താണ് സമരത്തിന്റെ ഭാഗമായി കുടിലുകൾ സ്ഥാപിച്ചിരിക്കുന്നത്. മുൻതാമസക്കാരായ ചിലരുമായി ചില്ലറ അസ്വാരസ്യങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും സമരം ആരംഭിച്ച് 120 ദിവസത്തോളം സമാധാനപരമായ ഒരു ബന്ധമാണ് നാട്ടുകാരുമായി അവിടെ നിലനിന്നത്. ഏപ്രിൽ 10ന് വിറക് ശേഖരണത്തിന് പോയ സന്തോഷും ചിത്രയും ആക്രമിക്കപ്പെടുകയും ചിത്ര നാല് ദിവസം ആശുപത്രിയിലാവുകയും ചെയ്ത ഒരു സംഭവമാണ് മുമ്പ് ഉണ്ടായിട്ടുള്ളത്. അന്ന് പോലീസ് കേസൊന്നും ചാർജ് ചെയ്തില്ല.

മെയ് ഒന്നിന് രാവിലെ സമരഭൂമിയിലെ ഒരു കിണറിന് സമീപം അഞ്ചുപേർ മദ്യപിക്കുന്നത് ചോദ്യം ചെയ്ത 53 വയസ്സുകാരി കുഞ്ഞിമോൾ ശാരീരികകയ്യേറ്റത്തിന് വിധേയയാവുകയും അവരുടെ വസ്ത്രങ്ങളടക്കം ആക്രമികൾ കീറിപ്പറിക്കുകയും ചെയ്തു. അവരെ സഹായിക്കാനെത്തിയ സുലൈഖയും ആക്രമിക്കപ്പെട്ടു. ഈ സംഭവത്തിൽ ഒരാളെ പിടിച്ച് പോലീസിൽ ഏൽപിച്ചെങ്കിലും ഐ.പി.സി. 354ാം വകുപ്പ് പ്രകാരം കേസ് ചാർജ് ചെയ്യപ്പെട്ടിട്ടും പ്രതികൾക്ക് സ്റ്റേഷനിൽ വച്ച് തന്നെ ജാമ്യം അനുവദിക്കപ്പെട്ടു. പല ഭരണപക്ഷ-പ്രതിപക്ഷ രാഷ്ട്രീയക്കാരും സംഭവത്തിൽ പ്രതികൾക്ക് അനുകൂലമായി നിലപാടെടുത്തതായി ആരോപണമുണ്ട്. മെയ് 2ന് സ്വന്തം നാട്ടിൽ നിന്നും സമരഭൂമിയിലേക്ക് തിരിച്ചുവരുവാൻ ചോഴിയക്കോട് ജങ്ഷനിൽ സന്ധ്യയ്ക്ക് എത്തിച്ചേർന്ന ഒരു സ്ത്രീയെ സമരഭൂമിയിലേക്ക് കൂട്ടിക്കൊണ്ടുവരാൻ പോയവരും ആക്രമിക്കപ്പെട്ടു. ഈ സംഭവത്തിലും പോലീസ് കേസെടുത്തിട്ടില്ല. മെയ് 3ന് മദ്യപിച്ച് സമരഭൂമിയിലൂടെ മറ്റുള്ളവരുടെ ശരീരത്തിൽ പ്രകോപനപരമായി ഉരസിക്കൊണ്ടു വന്ന ഒരാൾ മർദിക്കപ്പെട്ടു. അയാളുടെ കൂടെയുണ്ടായിരുന്ന രണ്ടുപേർ ഓടിരക്ഷപ്പെട്ടു. തിരിച്ചുപോയ അവർ പുറത്തുനിന്നുള്ള ഒരു വൻസംഘവുമായി തിരിച്ചെത്തി. അവർ സംഘർഷമുണ്ടാക്കിയപ്പോൾ സമരക്കാർ ചെറുത്തുനിന്നു. ഈ സംഘർഷത്തിൽ സമരക്കാരുടെ പേരിൽ കേസെടുക്കുകയും സംഘടിച്ച് പുറത്തുനിന്നെത്തിയവരെ സംരക്ഷിക്കുകയുമാണ് പോലീസ് ചെയ്തത്. മെയ് 4ന് അരിപ്പ ഭൂസമരക്കാർക്കെതിരെ ചോഴിയക്കോട് പ്രതിഷേധയോഗം നടന്നു. സി.പി.ഐ, സി.പി.എം, കോൺഗ്രസ്, ബി.ജെ.പി പാർടികളുടെ പ്രതിനിധികൾ യോഗത്തിൽ സംസാരിച്ചു. (ബി.ജെ.പി. സമരത്തിനെതിരായ നിലപാട് പിന്നീട് മാറ്റി) ആ യോഗത്തിൽ പ്രസംഗിച്ച പുനലൂർ എം.എൽ.എ., കെ. രാജു സമരക്കാർക്കെതിരായി ശക്തമായ ഭാഷയിൽ സംസാരിച്ചു. അതിനുശേഷം ചെറുതും വലുതുമായ പന്ത്രണ്ട് ആക്രമങ്ങൾ സമരസമിതി പ്രവർത്തകർക്കെതിരെ നടന്നതായി അവർ പറയുന്നു. മെയ് 5ന് അരിപ്പ എഞ്ചിനീയറിങ് കോളേജിന് സമീപം ജോലി കഴിഞ്ഞ് തിരിച്ചുവരുന്ന സ്ത്രീകളും പുരുഷന്മാരും ആക്രമിക്കപ്പെട്ടു. മർദനത്തെ തടുക്കാൻ ചെന്ന പ്രദേശവാസിയായ ഒരു കച്ചവടക്കാരനും അടി കിട്ടി. പോലീസ് സാന്നിദ്ധ്യത്തിലാണ് ഈ മർദനങ്ങൾ നടന്നതെന്ന് പറയപ്പെടുന്നു. മെയ് 6ന് അരിപ്പ പ്രശ്നങ്ങളെക്കുറിച്ച് അന്വേഷിക്കാൻ സമരഭൂമിയിൽ ചെല്ലാൻ അനുവാദം ചോദിച്ച ദളിത് നേതാക്കളെ തടയുകയാണ് പോലീസ് ചെയ്തത്. ചികിത്സാ ആവശ്യാർത്ഥം പോലീസ്വാഹനത്തിൽ കടക്കലിൽ എത്തിയ

നാല് സ്ത്രീകളെ പോലീസ് വഴിയിലിറക്കി വിട്ടതും തിരിച്ചുവരാൻ ബസ് കൂലി പോലുമില്ലാതെ രാവിലെ 11 മണി മുതൽ 7 മണിവരെ സഹായത്തിന് ആളെയും കാത്ത് അവർ അവിടെ കഴിയേണ്ടിവന്നതും ഞെട്ടിപ്പിക്കുന്ന ഒരനുഭവമാണ്. ജോലിക്ക് പോകാനോ സാധനങ്ങൾ വാങ്ങാനോ വിറക് ശേഖരിക്കാനോ പറ്റാത്ത അന്തരീക്ഷമാണ് മെയ് ഒന്ന് മുതൽ അരിപ്പയിൽ നിലനിൽക്കുന്നത് എന്ന് സമരസമിതി പറയുന്നു. പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ തഹസിൽദാരെയും എം.എൽ.എ.യെയും സമീപിച്ച ദളിത് നേതാക്കളെ ഒന്നിച്ചുള്ള യോഗത്തിൽ പോലും പങ്കെടുപ്പിച്ചില്ല. അടികൊണ്ട് അഞ്ചൽ കമ്യൂണിറ്റി ഹെൽത് സെന്ററിൽ ചികിത്സക്ക് ചെന്ന നിർമല എന്ന സ്ത്രീ ചീട്ട് എടുത്ത് ഡോക്ടറുടെ അടുത്ത് ചെന്ന് അരിപ്പയിൽ നിന്നാണെന്ന് പറഞ്ഞപ്പോൾ അവർക്ക് ചികിത്സ നിഷേധിക്കപ്പെട്ട അനുഭവവും ഉണ്ടായി. 120 ദിവസത്തോളം സമരം സർക്കാർ ശ്രദ്ധിക്കാതിരുന്നപ്പോൾ ശ്രദ്ധ കിട്ടാനാണ് സമരക്കാർ നാട്ടുകാരുടെ സഞ്ചാരസ്വാതന്ത്ര്യം തടഞ്ഞതെന്ന് അലിയാരുകുഞ്ഞി, ശ്യാം, നിതിൻ, ലത്തീഫ് എന്നിവർ ആരോപിച്ചു. വഴി നടക്കുന്നതിന് പരിശോധനയും പാസും ഏർപ്പെടുത്തിയെന്നും പാത്രക്കച്ചവടം നടത്താൻ പോയ തമിഴ്നാട്ടുകാരനിൽ നിന്നും നിർബന്ധിച്ച് 100 രൂപ വാങ്ങിയാണ് അനുമതി നൽകിയതെന്നും അവർ പറഞ്ഞു. സമരഭൂമിയിൽ ജയിലുണ്ടെന്നും ശിക്ഷ നടപ്പിലാക്കുന്നുവെന്നും അവർ ആരോപിച്ചു. നാട്ടുകാരുടെ സഞ്ചാരസ്വാതന്ത്ര്യം തടഞ്ഞതാണ് പ്രശ്നമെന്ന് പഞ്ചായത്ത് മെമ്പർ അലോഷ്യസും പറഞ്ഞു. നാട്ടുകാരും സമരക്കാരുമായി സംസാരിച്ച കാര്യങ്ങളിൽ നിന്ന് ഞങ്ങൾ എത്തിച്ചേർന്ന നിഗമനങ്ങളും നിർദേശങ്ങളും താഴെ പറയുന്നു.

1. സമരഭൂമിയിൽ സുഗമമായ പ്രവർത്തനങ്ങൾ ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടിക്രമങ്ങളും മദ്യത്തിനെതിരായ പ്രചരണങ്ങളും പെരുപ്പിച്ച്കാട്ടി അക്രമത്തിന് അരങ്ങൊരുക്കുകയാണ് അരിപ്പയിൽ ചെയ്തത്. ഉപേക്ഷിക്കപ്പെട്ട റബർ തോട്ടത്തിനിടയിൽ നൂറുകണക്കിന് കുടിലുകൾ ഉയർന്നുവന്നപ്പോൾ സഞ്ചാരത്തിന് ചില ക്രമീകരണങ്ങൾ ആവശ്യമായി വന്നിട്ടുണ്ട്. മദ്യപന്മാരും പുറത്തുനിന്ന് വരുന്ന അപരിചിതരും അനാവശ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതിന് തടയിടാനായി സദുദ്ദേശ്യത്തോടെ നടപ്പിലാക്കിയ ക്രമീകരണങ്ങൾ നാട്ടുകാരെ ബോധ്യപ്പെടുത്താൻ സമരസമിതിക്ക് കഴിഞ്ഞില്ല.
2. പ്രതിപക്ഷ എം.എൽ.എ. എന്ന നിലയിൽ ഈ സമരത്തെ ഗൗരവത്തോടെ കാണാൻ പുനലൂർ എം.എൽ.എ., കെ. രാജുവിന് കഴിഞ്ഞില്ല. രണ്ടുവശവും കേൾക്കാനും മാധ്യസ്ഥശ്രമം നടത്തുവാനും കഴിയുമായിരുന്ന അദ്ദേഹം ഒരു പക്ഷം പിടിച്ച് പ്രസംഗിച്ചത് പിന്നീടുള്ള അക്രമസംഭവങ്ങളും ഉപരോധവും ശക്തിപ്പെടാൻ ഇടയാക്കി. തന്റെ നിയോജകമണ്ഡലത്തിൽ ആയിരക്കണക്കിന് ആളുകൾ മാസങ്ങളായി താമസിച്ച് സമരം നടത്തുന്നത് അറിഞ്ഞിട്ടും ഒരു തവണ പോലും എം.എൽ.എ. അവിടെ സന്ദർശിച്ചില്ലെന്നത് ശ്രദ്ധേയമാണ്. (താൻ സമരത്തിന് എതിരല്ലെന്നും പ്രശ്നം സർക്കാർ ശ്രദ്ധയിൽ പെടുത്തി പരിഹാരമുണ്ടാക്കാൻ ശ്രമിക്കുമെന്നും എം.എൽ.എ. ഞങ്ങളോട് പറഞ്ഞിട്ടുണ്ട്.)
3. സമരഭൂമിയിൽ ജയിലും പ്രത്യേകശിക്ഷകളും ചെക് പോസ്റ്റുകളുമൊക്കെയുണ്ടെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. പുറ



ആദിവാസി/ദളിത് വിഭാഗങ്ങളുടെ സമരം ചെയ്യാനുള്ള അവകാശമടക്കം അംഗീകരിക്കാൻ കഴിയാത്ത ഒരു പൊതുബോധം കേരളത്തെ ഭരിക്കുന്നുണ്ട്. ദളിത് നേതാക്കളോട് പോലീസും മറ്റ് അധികാരികളും ജനപ്രതിനിധികളും സ്വീകരിക്കുന്ന അവഗണനാ മനോഭാവം ഈ പൊതുബോധത്തിന്റെ പ്രകാശനമാണ്

ത്തുനിന്ന് വരുന്നവരിൽ നിന്ന് പ്രവേശനത്തിന് ഫീസ് വാങ്ങുന്നുവെന്ന ആരോപണവും തെറ്റാണ്.

4. പോലീസ് പലപ്പോഴും നിഷ്ക്രിയ കാഴ്ചക്കാരായി നോക്കിനിൽക്കുകയായിരുന്നു. സ്ത്രീകൾക്കും പട്ടികജാതി/പട്ടികവർഗക്കാർക്കും നേരെ നടന്ന അക്രമങ്ങളെ അത് അർഹിക്കുന്ന ഗൗരവത്തോടെ പോലീസ് കൈകാര്യം ചെയ്തില്ല. പോലീസ് സാന്നിധ്യത്തിൽ തന്നെ സമരഭൂമിയിൽ നിന്ന് പുറത്തുപോകുന്നവരും അവിടേക്ക് വരുന്നവരും അക്രമിക്കപ്പെട്ടു എന്നത് ഗൗരവതരമായ വീഴ്ചയാണ്. സമരക്കാർ കയ്യേറ്റക്കാരാണെന്നും അവർക്ക് നിയമത്തിന്റെ സംരക്ഷണമില്ലെന്നുമുള്ള മനോഭാവമാണ് ഒട്ടുമൊത്തത്തിൽ പോലീസ് നടപടികൾക്ക്/നടപടിയില്ലായ്മകൾക്ക് മാർഗദർശനമേകിയത്.

5. സുരക്ഷാഭീതിയിലാണ് സമരഭൂമിയിലെ സ്ത്രീകളും കുട്ടികളും പുരുഷന്മാരും. രോഗം ബാധിച്ച കുട്ടികളെ ചികിത്സയ്ക്ക് കൊണ്ടുപോകാൻ പോലും കഴിയുന്നില്ല. ഉറങ്ങാൻ പോലും കഴിയുന്നില്ലെന്ന് ചിലർ പറഞ്ഞു. പൗരന്മാർക്ക് ലഭിക്കേണ്ട എല്ലാ സുരക്ഷിതത്വവും ആരോഗ്യരക്ഷയും സമരഭൂമിയിലുള്ളവർക്കും ലഭ്യമാക്കണം.

6. അരിപ്പയിൽ നിന്ന് മർദനമേറ്റ് ചികിത്സയ്ക്കെത്തിയ സ്ത്രീക്ക് അഞ്ചൽ കമ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ചികിത്സ നിഷേധിക്കപ്പെട്ട സംഭവത്തെക്കുറിച്ച് അന്വേഷിച്ച് ഉചിതമായ നടപടിയെടുക്കണം.

7. കുട്ടികളുടെ വിദ്യാലയപ്രവേശനം നടക്കുന്ന സമയത്ത് പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥ വിദ്യാഭ്യാസഅവകാശനിഷേധമാണ്. ഈ പ്രശ്നത്തിൽ സർക്കാർ അടിയന്തിരമായി ഇടപെടണം.

8. തൊഴിലിന് പോകാനാകാത്തതുകൊണ്ട് ഭക്ഷണത്തിനും ചികിത്സക്കും ബുദ്ധിമുട്ടുകയാണിവർ. ഇവർക്ക് സൗജന്യറേഷനും സൗജന്യവൈദ്യസഹായവും സമരഭൂമിയിൽ തന്നെ നൽകണം.

9. സർക്കാർ ആദിവാസി/ദളിത്/ഭൂരഹിതരെ വഞ്ചിക്കുന്ന നടപടി അവസാനിപ്പിക്കണം. ചെങ്ങറയിൽ ദീർഘകാലം സമരം ചെയ്തവർ തന്നെയാണ് അരിപ്പ സമരത്തിലും പങ്കാളികളായിട്ടുള്ളത്. മുഴുവൻ ആദിവാസി/ദളിത്/ഇതര ഭൂരഹിതർക്കും കൃഷിഭൂമിയും ധനസഹായവും അടിയന്തിരമായി നൽകണം. മൂന്ന് സെന്റിലേക്ക് അവരെ ഒതുക്കാനുള്ള നീക്കം അവസാനിപ്പിക്കണം.

10. നവജാതശിശുക്കളടക്കം അനേകം കുട്ടികൾ സമരഭൂമിയിലുണ്ട്. അവർക്ക് പോഷകാഹാരം ലഭ്യമാക്കാൻ അടിയന്തിരനടപടി സ്വീകരിക്കണം.

മെയ് 17ന് കൊല്ലം കലക്ടറേറ്റിൽ നടന്ന ചർച്ച ആശാവഹമായ ചില നീക്കങ്ങൾ ആരംഭിക്കുമെന്ന പ്രതീക്ഷയുളവാക്കിയിട്ടുണ്ട്. പോലീസ് നീതിനിർവഹണം കാര്യക്ഷമമാക്കുകയും സമരക്കാരുടെ സഞ്ചാരസ്വാതന്ത്ര്യം പുനസ്ഥാപിക്കുകയും അസ്വാരസ്യങ്ങൾ പരിഹരിക്കാൻ സമരസമിതി പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിയുള്ള സമാധാന സമിതി രൂപീകരിക്കുകയും കുട്ടികൾക്ക് പോഷകാഹാരവും ചികിത്സയും ഉറപ്പുവരുത്തുകയും ചെയ്താൽ ഈ ദിശയിൽ മുന്നേറ്റമുണ്ടാക്കാനാവും. സംസ്ഥാനസർക്കാറിന്റെ നയപരമായ തീരുമാനം ഭൂപ്രശ്നം പരിഹരിക്കാൻ അത്യാവശ്യമാണ്.

ആദിവാസി/ദളിത് ഭൂസമരങ്ങൾ നടന്ന മുത്തങ്ങ, നൈനാൻകോണം, ചെങ്ങറ, അരിപ്പ തുടങ്ങിയ പ്രദേശങ്ങളിലെല്ലാം ഒരു നിർണായകഘട്ടത്തിൽ നാട്ടുകാരിൽ ഒരു വിഭാഗം സമരത്തിനെതിരായ നിലപാടെടുത്ത് സംഘർഷം സൃഷ്ടിക്കുന്ന ഒരു പ്രവണത കാണാനാവുന്നുണ്ട്. ജാതി, ഭൂമിയിലെ അവകാശങ്ങളെ നിർണയിച്ചിരുന്ന ഫ്യൂഡൽ കാലഘട്ടത്തിൽ മണ്ണിൽ കുടിയായ്മ അടക്കമുള്ള അവകാശങ്ങൾ നിഷേധിക്കപ്പെട്ടവർ എന്ന നിലയിലാണ് ആദിവാസികളും ദളിതരും ഭൂരഹിതരായിരിക്കുന്നത്. കേരള ഭൂപരിഷ്കരണത്തിൽ സംഭവിച്ച ചരിത്രപരമായ ആ തെറ്റ് പരിഹരിക്കാൻ പിൽക്കാലത്ത് രാഷ്ട്രീയപാർട്ടികൾ ഒരു ശ്രമവും നടത്തിയിരുന്നില്ല. ആദിവാസി/ദളിത് വിഭാഗങ്ങളുടെ സമരം ചെയ്യാനുള്ള അവകാശമടക്കം അംഗീകരിക്കാൻ കഴിയാത്ത ഒരു പൊതുബോധം കേരളത്തെ ഭരിക്കുന്നുണ്ട്. ദളിത് നേതാക്കളോട് പോലീസും മറ്റ് അധികാരികളും ജനപ്രതിനിധികളും സ്വീകരിക്കുന്ന അവഗണനാ മനോഭാവം ഈ പൊതുബോധത്തിന്റെ പ്രകാശനമാണ്. അക്രമങ്ങളെ സാധാരണ സംഭവങ്ങളായി കാണാൻ പ്രേരിപ്പിക്കുന്നതും ഈ പൊതുബോധമാണ്. അവകാശം നിഷേധിക്കപ്പെട്ട ഈ മനുഷ്യരോടുള്ള അവഗണനാമനോഭാവത്തിനും അക്രമോത്സുകതയ്ക്കുമെതിരെ ഗൗരവതരമായ പ്രതിഷേധം ഉയർന്നുവരണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

എന്ന്

**ബസേലിയോസ് മാർതോമാ യാക്കോബ് പ്രഥമൻ കാതോലിക ബാവ, എൻ. സുബ്രഹ്മണ്യൻ, കവിത. എസ്, കെ.കെ. കൊച്ച്, ടി.കെ. വാസു, പി.എൻ. സനാതനൻ.** ■

## ചെങ്ങറ പാക്കേജ്

സമരം ചെയ്തവരുടെ ആവശ്യങ്ങളിൽ പലതും അവഗണിച്ചുകൊണ്ടാണ് ചെങ്ങറ പാക്കേജ് എന്ന പേരിൽ 2009 ഒക്ടോബറിൽ ഒത്തുതീർപ്പ് ഫോർമുല രൂപപ്പെട്ടത്. സർക്കാർ തീരുമാനങ്ങൾ സമരക്കാരെ അടിച്ചേൽപ്പിക്കുകയായിരുന്നു. 1,738 കുടുംബങ്ങളെയാണ് പാക്കേജിൽ പരിഗണിച്ചത്. കടലാസ് പട്ടയവുമായി ചെന്നവർക്ക് ഒരു തുണ്ട് ഭൂമി പോലും അളന്നു നൽകാൻ ആരുമുണ്ടായിരുന്നില്ല. കൊടുംകാട്ടിൽ കുടിൽ കെട്ടിയ പലരും പിറ്റേന്നുതന്നെ ഭയന്നു പിൻമാറി.